**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**04 JANUARY 2019**
**27 RABI'UL AAKHIR 1440 AH**

# SPIRITUALITY AND MATERIALISM
# ആത്മീയതയും ഭൗതികതയും

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ആത്മീയതയും ഭൗതികതയും** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

നമ്മിൽ ഒരു പൊതുവിശ്വാസമുണ്ട്. അറബികളും മുസ്ലിംകളും പൊതുവിൽ ആത്മീയതുള്ളവരാണെന്നും പടിഞ്ഞാറുള്ളവർ, മുതലാളിത്തത്തേയും, വ്യവസായത്തേയും മുഖ്യമായി കാണുന്ന അമേരിക്കക്കാരും യൂറോപ്യൻകാരും ഭൗതികവാദികളുമാണെന്ന്! ഈ വാദം എത്രത്തോളം ശരിയാണ്?

ചിലപ്പോൾ പടിഞ്ഞാറൻ രാജ്യങ്ങളിൽപെടാത്ത ജപ്പാനെയും സൗത്തു കൊറിയയെയും ഈ വിഭാഗത്തിൽപെടുത്താറുണ്ട്. അനേകം കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളെയും ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളെയും പടിഞ്ഞാറൻ രാജ്യങ്ങളുടെ പട്ടികയിൽ പെടുത്താറില്ല. പടിഞ്ഞാറു എന്നതുകൊണ്ടുദ്ദേശിക്കുന്നത്, അനേകം ചരിത്രകാരന്മാരുടെ സാധാരണ വിശ്വാസമനുസരിച്ച്, മുതലാളിത്ത സ്വതന്ത്രസമൂഹങ്ങളെയാണ്. അതിൽ സോഷ്യലിസ്റ്റ്, കമ്മ്യൂണിസ്റ്റ്, സംസ്ക്കാരങ്ങളെ ഉൾപ്പെടുത്താറില്ല. ഭൗതികവാദിയും ആത്മീയവാദിയും പരസ്പരം ഏറ്റുമുട്ടുന്നു. പരിശോധനയിൽ ഒരു കാര്യം

വ്യക്തമാണ്, ഭൗതികതയിലുള്ള സമൂഹങ്ങളിലും, ആത്മീയതയിലുള്ള സമൂഹങ്ങളിലും നല്ല സദാചാരസംഹിത നിലനില്ക്കുന്നതായി കാണാം. ആത്മീയതകൊണ്ടർത്ഥമാക്കുന്നത് മാനുഷിക മൂല്യങ്ങളും വിശ്വാസവുമാണ്. കാരുണ്യവും അനുകമ്പയും, സാമൂഹിക ഐക്യവും മരണാനന്തര ജീവിതവിശ്വാസവും അതിന്റെ തത്വങ്ങളാണ്.

ആത്മീയതയും ഭൗതികതയും, ഇവ രണ്ടും തേടുന്നത് സന്തോഷമാണ്. ആത്മീയത തേടുന്ന സന്തോഷം ദൈവീകാശയത്തിലും അവന്റെ സർവ്വാധിപത്യത്തിലുമാണ്. എന്നാൽ ഭൗതികത തേടുന്നത് ദൈവീക സഹായമില്ലാതെയുള്ള സന്തോഷമാണ്. നിസ്സാരമായ ഈ ലോകത്തിനു വേണ്ടി വിശ്വാസത്തെ ഒഴിവാക്കുകയാണ്. ആത്മീയത നമ്മെ പഠിപ്പിക്കുന്നത് ഒരു നല്ല ജീവിതത്തിനു വേണ്ടിയുള്ളതുമാണ്. കൂടുതൽ പ്രകാശമാനമായ ജീവിതം ഭൗതികവാദം നമ്മെ പഠിപ്പിക്കുന്നത് കൂടുതൽ ഭൗതികസാധനങ്ങളോടുള്ള ആഗ്രഹവും, ഭൗതികധനവും ആർജ്ജിക്കുന്നതിനുള്ള വഴികളുമാണ്. ഏകാന്തതയിലുള്ള പ്രാർത്ഥനാ വിശ്വാസത്തെ അത് കയ്യൊഴിയുന്നു.

സ്ഥിരമായ സന്തോഷവും, ഭൗതികവാദവും ഒരുമിച്ചു കണ്ടെത്തുകയില്ല. ആത്മീയത നമ്മെ പഠിപ്പിക്കുന്നത് സ്വാർത്ഥത ഇല്ലാതിരിക്കുവാനാണ്. ഭൗതികവാദം നമ്മെ പഠിപ്പിക്കുന്നത് സ്വാർത്ഥതയുള്ളവനാകുക എന്നതാണ്. ആത്മീയത നമ്മെ പഠിപ്പിക്കുന്നത് നമ്മുടെ സഹജീവികളെ സ്നേഹിക്കുവാനാണ്. ഭൗതികവാദം നമ്മെ പഠിപ്പിക്കുന്നത് ഭൗതിക ധനത്തെ സ്നേഹിക്കുവാനാണ്. ആത്മീയത താരതമ്യം നടത്തുന്നില്ല. എന്നാൽ ഭൗതികവാദം നിരന്തരമായ താരതമ്യത്തിനു വിധേയമാകുന്നു. അരക്ഷിതത്വത്തിന്റെയും അസൂയയുടെയും പിതാവാണ് ഭൗതികവാദം. ഭൗതിക പുരോഗതിയുടെ സഹായത്തെ ആത്മീയത സ്വീകരിക്കുന്നു. എന്നാൽ ആത്മീയത ഒരിക്കലും ഭൗതികതയുടെ അടിമയല്ല. ഭൗതികവാദത്തിന്, ആത്മീയത എങ്ങനെ സഹായിക്കുന്നു എന്ന്, അതിന് കാണാൻ കഴിയില്ല.

ആത്മീയത വർത്തമാനകാലത്ത് ജീവിക്കുന്നു. എന്നാൽ ഭൗതികത നാളെത്തെ ലോകത്താണ് ജീവിക്കുന്നത്. കാരണം അതിന് അനന്തമായ ആഗ്രഹങ്ങൾ നിറവേറ്റണ്ടതായിട്ടുണ്ട്, അതുപോലെ തന്നെ അത് ഇന്നലെകളുടെ അസംതൃപ്തിയിലുമാണ് ജീവിക്കുന്നത്. ആത്മീയത മനസ്സമാനം പ്രദാനം ചെയ്യുന്നു. ഭൗതികത, അത് ഈ ലോകത്തുള്ള സകല സമ്പത്തും ലഭ്യമായാലും, മനസ്സമാധാനം വാങ്ങാൻ കഴിയുകയില്ല.

ഭൗതികവാദം, കാലക്രമേണ, അതിന്റെ തന്നെ പരിമിതിമൂലം, മുഷിപ്പുളവാക്കുന്നു. മെല്ലെ, വെറുപ്പോടെ, ഇഷ്ടമില്ലാതാണെങ്കിലും, ഭൗതികവാദം ഒടുവിൽ ആത്മീയതയ്ക്ക് വഴിമാറുന്നു. കാരണം അതിന്റെ മതിവരാത്ത ആസക്തിയെ ശമിപ്പിക്കുവാൻ യഥാർത്ഥ സന്തോഷം തേടുന്നു.

ഭൗതികവാദം കൊണ്ടർത്ഥമാക്കുന്നത്, അധികാരത്തിന്റെ അടിസ്ഥാനത്തിലുള്ള പെരുമാറ്റ രീതിയാണ്, അടിച്ചമർത്തലും, മത്സരവും, സ്വതന്ത്രകമ്പോളനയവും, സാമ്രാജ്യത്വവും, സാങ്കേതികവിദ്യയും, മതനിരാസവും, അല്ലെങ്കിൽ മരണാനന്തര ജീവിതനിരാസവും അതോടൊപ്പം ബലാൽക്കരമായി തടയുകയോ അനുസരിപ്പിക്കുകയോ ചെയ്യുന്ന ആശയമായ, കഴിവുള്ളവൻ കഴിവില്ലാത്തവനെ കീഴ്പ്പെടുത്തി ജീവിക്കുക എന്നതുമാകുന്നു. ഇനി നമുക്ക് നമ്മുടെ സാധാരണ വിശ്വാസത്തിലേക്ക് തിരിഞ്ഞുനോക്കാം. അതായത് അറബികളും മുസ്ലിംകളും പൊതുവിൽ ആത്മീയതയുള്ളവരാണ്. കൂടുതൽ പടിഞ്ഞാറൻ വാസികളും ഭൗതികവാദികളുമാണ്. ഈ അഭിപ്രായത്തിലെത്താൻ എന്ത് മാനദണ്ഡമാണ് അടിസ്ഥാനമാക്കിയിട്ടുള്ളത്?

ഉത്തരം നിസ്സാരമാണ്. അറബികൾ മതപരമായ വിശ്വാസമുള്ള ആളുകളായിരുന്നു അഥവാ അവരെ ഭരിച്ചത് വിശ്വാസമാണ്. എന്നാൽ പടിഞ്ഞാറുള്ളവരെ ഭരിച്ചത് ഭൗതിക താല്പര്യങ്ങളാണ്. അത് നാം അവകാശപ്പെടുമ്പോൾ, മുസ്ലിംകൾ ഭരിക്കപ്പെട്ടത് മതമാണ്, അതു ശരിയുമായിരിക്കാം, എന്നാൽ എന്തു മതമാണ്? ഉന്നതമൂല്യങ്ങളുടെ മതമായിരുന്നോ അത്? അതോ ബാഹ്യപ്രകടനങ്ങളും തെറ്റായ ആചാരുനഷ്ഠാനങ്ങളുമായിരുന്നോ?

അത് നാം നിർവ്വചിക്കേണ്ടതുണ്ട്. ഒരു യഥാർത്ഥ മുസ്ലിം എന്തായിരിക്കണം? അറബി രാജ്യങ്ങളിലെയും അവിടത്തെ അന്തേവാസികളുടെയും ഇസ്ലാമിക വീക്ഷണങ്ങൾ സൂക്ഷ്മപരിശോധനയക്ക് വിധേയമാക്കേണ്ടതാണ്. ഒരു യഥാർത്ഥ മുസ്ലിമും, യഥാർത്ഥ മുസ്ലിം രാജ്യവും, ഇസ്ലാമിക നിയമങ്ങൾ മാർഗമായി സ്വീകരിക്കേണ്ടതാണ്. മറ്റൊരുവാക്കിൽ പറഞ്ഞാൽ, അല്ലാഹുവിന്റെ നിയമങ്ങൾ, വിശുദ്ധഖുർആനും, അവന്റെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ)യുടെ സുന്നത്തും അനുസരിച്ച് പ്രവർത്തിക്കണം. അതാണ് ഒഴിച്ചുകൂടാൻ പാടില്ലാത്ത ആത്മീയത, യഥാർത്ഥ വിശ്വാസമാകുന്ന ഉടമ്പടി കാത്തുസൂക്ഷിക്കേണ്ടതല്ലേ? സർവ്വശക്തനായ അല്ലാഹുവിലുള്ള വിശ്വാസം കാത്തു സംരക്ഷിക്കേണ്ടതല്ലേ? ഞാനെന്ന ഭാവവും, ഭൗതികയോടുള്ള ഈ വാഞ്ചയും കയ്യൊഴിയേണ്ടതല്ലേ?

ഇന്നത്തെ അറബ് രാജ്യങ്ങൾ മലിനമായ പണമാണ് കൂട്ടിവെച്ചിരിക്കുന്നത് എന്നത് നമുക്കു നിരാകരിക്കുവാൻ കഴിയുന്ന കാര്യമല്ല. ഈ ഭൗതികമായ ധനം വന്നു കൊണ്ടിരിക്കുന്നത്, ഭൗതികതയെയും ഭൗതിക ഇച്ഛകളെയും ആലിംഗനം ചെയ്യുന്നതിലൂടെയും, ആത്മീയതയെ കയ്യൊഴിയുന്ന പ്രേരണയിലൂടെമാകുന്നു. അറബ് സമൂഹങ്ങളിൽ ഇന്ന് നാം രണ്ട് അമിതത്വങ്ങൾ അഭിമുഖീകരിക്കുകയാണ്. ഒന്ന് അതിലെ ഭൗതികത, മറ്റൊന്ന് വിശ്വാസകാര്യത്തിൽ അതിതീവ്രത. ഇത്തരം ആളുകൾ അതിശക്തമായ നിലപാടുകളാണ് സ്വീകരിക്കുന്നത്, പ്രസ്തുത നിലപാടുകൾ വിശുദ്ധഖുർആന്റെ കല്പനകൾക്ക് വിരുദ്ധമാണ്. അവർ വിശ്വാസത്തിന് അവരുടേതായ നിർവ്വചനം നല്കുകയാണ്. ഇതാണ് യഥാർത്ഥമായത് എന്ന് അവർ പറയുന്നു. അതിലൂടെ അവർ മറ്റുള്ളവരെ ഭയവിഹ്വലാരാക്കി മാറ്റുന്നു. അതിലൂടെ ഇസ്ലാമിന്റെ വികൃതരൂപമാണ് പ്രദർശിപ്പിക്കപ്പെടുന്നത്. യഥാർത്ഥത്തിലോ ഇസ്ലാം ഒരു സമാധാനമതമാണ്. അതുമാത്രമാണ് ശരിയായ വിശ്വാസവും!

ഉദാഹരണത്തിന്, കഴിഞ്ഞ കുറെ വർഷങ്ങളായി നാം താലിബാനെയും, ഇസ്ലാമിക സ്റ്റേറ്റ് ഓഫ് ഇറാക്ക് ആന്റ് സിറിയയെയും കണ്ടുകൊണ്ടിരിക്കുകയാണ്. അവർ ഇസ്ലാമിന്റെ പേരിൽ വളരെ തെറ്റായ ഒരു വീക്ഷണമാണ് വെച്ചു പുലർത്തിക്കൊണ്ടിരിക്കുന്നത്. മതത്തിന്റെ പേരിലുള്ള കേവലം പ്രകടനാത്മകമായ ആചാരാനുഷ്ഠാനങ്ങളാണ് നല്കിക്കൊണ്ടിരിക്കുന്നത്, ഇസ്ലാം നല്കുന്ന മഹത്തായ മൂല്യങ്ങളായ നീതി, സ്വാതന്ത്ര്യം, സമത്വം, മാന്യത ഇവയൊക്കെ കാറ്റിൽ പറത്തിയിരിക്കുന്നു.

കൂടുതൽ അറബ് സമൂഹങ്ങളിലും ഇന്ന് ബന്ധങ്ങൾ സ്ഥാപിക്കപ്പെടുന്നത് അധികാരത്തിന്റെ പിൻബലത്തിലും സ്വജനപക്ഷപാതത്തിലും, സ്വന്തം താല്പര്യങ്ങൾക്കനുസൃതവുമായിട്ടാണ്. ചോദ്യം ചെയ്യപ്പെടാൻ കഴിയാത്ത നിലയിലുള്ള, സത്യമായ ഒരു വസ്തുതയാണ്. ഈ ബന്ധങ്ങൾക്ക് രൂപം നല്കുന്ന പ്രധനഘടകം ധനംതന്നെയാണ്. അനേകം അറബ് സമൂഹങ്ങളിലും അടിച്ചമർത്തൽ അതിന്റെ മുഖമുദ്ര ആയിരിക്കുകയാണ്. അധികാരം എന്നത് ഉന്നതമായ മൂല്യമുള്ള ഒരാശയമായി, ഭൂരിഭാഗം അറബിക്കവിതകളിലും ഇസ്ലാമിന്റെ ആവിർഭാവത്തിന് മുൻപ് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. സമൂഹത്തിലെ ദുർബല വിഭാഗത്തിനെ പരിഗണിക്കുന്ന പ്രശ്നമെയില്ല !അവർക്ക് ആരിൽ നിന്നും ഒരു പിന്താങ്ങലും ലഭിക്കുന്നില്ല. നമ്മുടെ സമൂഹത്തിലെ ന്യൂനപക്ഷവിഭാഗങ്ങൾ വളരെയധികം പീഡനങ്ങൾക്കിരയാകുന്നു.

നമുക്കിനി പടിഞ്ഞാറൻ രാജ്യങ്ങളിലേക്കു നോക്കാം, അവ യഥാർത്ഥത്തിൽ ഭൗതികവാദത്തിലധിഷ്ഠിതമാണോ? അതെ എന്നാണ് ഉത്തരമെങ്കിൽ, എത്രത്തോളം ?

പൊതുവായി പറഞ്ഞാൽ, സ്വതന്ത്രസമൂഹങ്ങൾ ആത്മീയതയുമായി ബന്ധമില്ലാത്തവരാണ്, കാലം മുന്നോട്ടുപോകുമ്പോൾ ഇതിന്റെ സത്ത എന്താണ് എന്ന് തീർപ്പ് കല്പിക്കുന്നതാണ്. പടിഞ്ഞാറൻ രാജ്യക്കാരിൽ കൂടുതലും ഭൗതികവാദികളാണെങ്കിലും, മെല്ലെ, കുറശ്ശെ കുറെശ്ശയായി

അവർ ആത്മീയതയിലേക്ക് തിരിയുന്നതാണ്. ആത്മീയതയിലെ ഏറ്റവും നല്ലരൂപം ഇസ്ലാമിലാണുള്ളത്. ഇത്തരം സമൂഹങ്ങളിലെ ജനങ്ങൾ അവരുടെ ജീവിതത്തിലെ ആത്മീയതയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇൻശാ അല്ലാഹ്! ഞാൻ പ്രാർത്ഥിക്കുന്നു. സമയം വന്നുകൊണ്ടിരിക്കുന്നു. പടിഞ്ഞാറൻ രാജ്യനിവാസികൾ,യഥാർത്ഥ ആത്മീയതയിലേക്ക് കടന്നുവരുന്നതാണ്. ഇസ്ലാം അവരുടെ മുമ്പിൽ സമർപ്പിക്കുകയാണ്. ആത്മീയതയുടെ ഏറ്റവും നല്ല വഴി ഇസ്ലമാണ് എന്നതും, അതുല്യനായ ദൈവവുമായി ബന്ധം സ്ഥാപിക്കുവാൻ ഏറ്റവും നല്ലവഴി ഇതുതന്നെയാണ് എന്നും സ്ഥാപിക്കപ്പെടുന്നതാണ്. ഇത് അല്ലാഹു ഉറപ്പ് നല്കിയ കാര്യമാകുന്നു.

മുതലാളിത്വവും സ്വതന്ത്ര മാർക്കറ്റ് ഇക്കേണമിയും അവിടുത്തെ ജനങ്ങളുടെ വിധി നിർണ്ണയിക്കുന്നതാണ്. എന്നിരുന്നാലും, പടിഞ്ഞാറൻ രാജ്യങ്ങൾ, ഒരു മാറ്റത്തിനായി അവർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നത്, ബോധ്യമായ ഒരു വസ്തുതയാണ്. സ്വതന്ത്രമാർക്കറ്റ് ഇക്കോണമിയുടെ ആധിപത്യം പടിഞ്ഞാറൻ രാഷ്ട്രങ്ങളെ, ആത്മീയതയെയും മാനുഷിക മൂല്യങ്ങളായ, നീതിബോധം, സ്വാതന്ത്ര്യം, സമത്വം, സാമൂഹ്യ ഐക്യം ഇവയെയൊന്നും തടയുന്നില്ല. ഇത് നിഷേധിക്കുവാൻ കഴിയാത്ത വസ്തുതതന്നെയാണ്.

അവസാനമായി പറയട്ടെ, ആത്മീയതയും അല്ലെങ്കിൽ മാനുഷികതയും നാം മനസ്സിലാക്കുകയാണെങ്കിൽ, മനുഷ്യന്റെ അന്തസ്സാണ് അതുകൊണ്ട് അർത്ഥമാക്കുന്നത് എന്ന് നാം തിരിച്ചറിയുകയാണെങ്കിൽ അപ്പോൾ പടിഞ്ഞാറൻ രാജ്യങ്ങളാണ് ആത്മീയതയുള്ളവർ, നാമോ ഭൗതിവാദികളും! മൂല്യങ്ങളായ നീതിയും അന്തസ്സും കാത്തുസൂക്ഷിക്കുന്നതിന് പകരം, നമ്മുടെ സമുദായങ്ങളിൽ നിലനില്ക്കുന്നത് അടിച്ചമർത്തലാണ്. അന്തസ്സിന് പകരം സ്വേച്ഛാധിപത്യം സ്ഥാനമേറ്റടുത്തിരിക്കുന്നു. സാമാധാനത്തിനു പകരം അരാജകത്വം സ്ഥാനം പിടിച്ചിരിക്കുന്നു.

അപ്പോൾ മുസ്ലിംങ്ങളും, അറബ് രാജ്യങ്ങളും, ഇതുമായി ബന്ധപ്പെട്ട എല്ലാ ആളുകളും, ഈകാര്യം വളരെ ശ്രദ്ധാപൂർവ്വം ചിന്തിക്കേണ്ടതാണ്. നമ്മുടെ ഭൗതികമായ ഈ വിധിക്ക് മാറ്റം വരുത്തേണ്ടതാണ്, ഇത് നമുക്ക് അല്ലാഹു നല്കിയ സമ്മാനമാണ്, നാം ഇസ്ലാമിലേക്ക് മാർഗദർശനം നല്കപ്പെട്ടപ്പോൾ! നമ്മെ വിശ്വസിച്ചേല്പിച്ച ഈ അമാനത്തിനെ നാം ആദരിക്കണം. നമ്മിലാണ് അവൻ സ്ഥാപിച്ചത്, നമ്മിലേക്കാണ് അത് കൈമാറ്റം ചെയ്തത്. ആത്മീയതയുടെ ഏറ്റവും നല്ല രൂപമായ ഇസ്ലാമിനെ! വിശ്വാസത്തിന്റെ ചേതോഹരമായ രൂപം, അവനിലേക്ക് എത്താനുള്ള ഏറ്റവും നല്ല വഴി, സമ്പൂർണ്ണധാർമ്മികതയുടെയും മാനുഷികമൂല്യങ്ങളുടെയും വഴികളിലൂടെ, അവനിലേക്ക് നമുക്ക് സ്വയം എത്തിച്ചേരുവാനും മറ്റുള്ളവരേയും അവനിലേക്ക് എത്തിച്ചേരുവാനുള്ള വഴി അവർക്കായും തുറന്നിടുക. ഇൻശാ അല്ലാഹ്! ആമീൻ.

ഇന്നത്തെ മുസ്ലിംകളുടെ വിധിക്ക് അല്ലാഹു(ത)ഒരു മാറ്റം വരുത്തട്ടെ! അവരെ ശരിയായ ഇസ്ലാമിലേക്ക് തിരിച്ചുവിടട്ടെ! ഹസ്രത് മുഹമ്മദ് മുസ്തഫ(സ)യുടെ കാലത്തെ ഇസ്ലാമിലേക്ക്! നമ്മുടെ സമുദായങ്ങൾക്ക് മുഹമ്മദ് മുസ്തഫാ (സ)യുടെ കാലത്തെ സമുദായങ്ങൾക്കുണ്ടായതുപോലുള്ള മാറ്റം ഉണ്ടാകട്ടെ! അതിനായിട്ടായിരിക്കട്ടെ നമ്മുടെ നിഷ്ക്കളങ്ക പ്രയത്നങ്ങൾ! ഇൻശാ അല്ലാഹ് ! ആമീൻ.

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*Ph : 9447001832, 6238065545*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*